**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1029** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. എം. വിൻസെന്റ്

ശ്രീമതി കെ. കെ. രമ

ശ്രീ. വി. ടി. സൂരജ്

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. ഷംസുദ്ദീൻ

(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

**<u>മറുപടി:</u> എല്ലാ വർഷവും സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി തദ്ദേശ സ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ സ്കൂൾ കെട്ടിടങ്ങൾ പരിശോധിച്ച് സുരക്ഷ ഉറപ്പാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുകയാണ് ചെയ്തിരുന്നത്. 2026-27 അധ്യയന വർഷം മുതൽ LSGD, Health, KSEB, Electrical Inspectorate, Fire & Rescue, Forest, Motor Vehicles, എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ബന്ധപ്പെട്ട മേഖലകളുടെ സുരക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ LSGD ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുകയാണ് ചെയ്യുന്നത്. 2026-27 അധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപ് തന്നെ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കാനായി നടപ്പിലാക്കാനുള്ള നിർദ്ദേശങ്ങൾ സർക്കുലർ ആയി വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകുകയും അവർ സ്കൂളുകളിൽ പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ പൊതു വിദ്യാഭ്യാസ വകുപ്പ് സ്കൂൾ സുരക്ഷാ മാന്വൽ തയ്യാറാക്കി അതിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ എല്ലാ സ്കൂളുകൾക്കും നൽകിയിട്ടുണ്ട്. തുടർന്ന് സുരക്ഷ ഉറപ്പാക്കുന്നതിനായി സ്കൂളുകളിൽ വിദ്യാഭ്യാസ ഓഫീസർമാർ 'School Inspection Special Drive' നടത്തിയിട്ടുമുണ്ട്.**

**(ബി)** സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷാപരിശോധനയ്ക്ക് ഏതൊക്കെ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥരെയാണ് നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u> എല്ലാ വർഷവും സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി തദ്ദേശ സ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ സ്കൂൾ കെട്ടിടങ്ങൾ പരിശോധിച്ച് സുരക്ഷ ഉറപ്പാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുകയാണ് ചെയ്തിരുന്നത്. 2026-27 അധ്യയന വർഷം മുതൽ LSGD, Health, KSEB, Electrical Inspectorate, Fire & Rescue, Forest, Motor Vehicles, എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ബന്ധപ്പെട്ട മേഖലകളുടെ സുരക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ LSGD ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുകയാണ് ചെയ്യുന്നത്. 2026-27 അധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപ് തന്നെ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കാനായി നടപ്പിലാക്കാനുള്ള നിർദ്ദേശങ്ങൾ സർക്കുലർ**

**ആയി വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകുകയും അവർ സ്കൂളുകളിൽ പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ പൊതു വിദ്യാഭ്യാസ വകുപ്പ് സ്കൂൾ സുരക്ഷാ മാന്വൽ തയ്യാറാക്കി അതിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ എല്ലാ സ്കൂളുകൾക്കും നൽകിയിട്ടുണ്ട്. തുടർന്ന് സുരക്ഷ ഉറപ്പാക്കുന്നതിനായി സ്കൂളുകളിൽ വിദ്യാഭ്യാസ ഓഫീസർമാർ 'School Inspection Special Drive' നടത്തിയിട്ടുമുണ്ട്.**

**(സി)** സ്കൂൾ കെട്ടിടങ്ങളുടെ കാലപ്പഴക്കവും , കാലവർഷം മൂലമുള്ള അപകട സാധ്യതകളും കണക്കിലെടുത്ത് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** സ്കൂൾ കെട്ടിടങ്ങളുടെ കാലപ്പഴക്കവും, കാലവർഷം മൂലമുള്ള അപകട സാധ്യതകളും കണക്കിലെടുത്ത് ആവശ്യമായ മുൻകരുതലുകൾ നടപ്പിലാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**